15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249 — 05-12-2022 - ൽ മറുപടിയ്ക്ക്

രാത്രികാല പോസ്റ്റ്മോർട്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികളിൽ രാത്രികാല പോസ്റ്റ് മോർട്ടം നടത്തുവാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണ് ഇപ്പോൾ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നത്; വിശദമാക്കാമോ; | (എ) | **ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിന് സ.ഉ.(കൈ)നം.239/2015/ആ.കു.വ പ്രകാരം അനുമതി നൽകുകയുണ്ടായി. നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തിവരുന്നുണ്ട്.** |
| (ബി) | നിലവിൽ രാത്രികാല പോസ്റ്റ്മോർട്ടം നടക്കാത്ത ആശുപത്രികളിൽ അതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഫോറൻസിക് സർജൻ ഉൾപ്പെടെയുള്ള മനുഷ്യ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലും ഫോറൻസിക് വകുപ്പ് മുൻ മേധാവിയുമായ ഡോ.ശശികലയെ ഏകാംഗ കമ്മിറ്റിയായി 30/09/22 ലെ സ.ഉ.(സാധാ)നം2391/2022/ആ.കു.വ പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| (സി) | രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള അനുമതി നൽകുന്നതിനും, ആയതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഫോറൻസിക് സർജൻ ഉൾപ്പെടെയുള്ള മനുഷ്യ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റുമോർട്ടം സജ്ജീകരിക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആലപ്പുഴ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പലും ഫോറൻസിക് വകുപ്പ് മുൻ മേധാവിയുമായ ഡോ.ശശികലയെ ഏകാംഗ കമ്മിറ്റിയായി 30/09/22 ലെ സ.ഉ.(സാധാ)നം2391/2022/ആ.കു.വ പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ